## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. 223 | 01/4/2013-ലെ മറുപടിയ്ക്ക്

## തൊഴിൽ ക്ലബ്ബുകളുടെ രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.അച്ചുതൻ.<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.എ.റ്റി.ജോർജ്.<br>ശ്രീ.ആർ.സെൽവരാജ്. | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതും വിവിധ തൊഴിലുകളിൽ വൈദഗ്ധ്യമുള്ളവരുമായ തൊഴിലില്ലാത്തവരെ ചെറു സംഘങ്ങളായി സംഘടിപ്പിച്ച് സ്വയം തൊഴിൽ ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച പദ്ധതിയാണ് മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്.<br><br>14 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള സെൽഫ് എംപ്ലോയ്മെന്റ് യൂണിറ്റുകൾ വഴി ഈ പദ്ധതി പ്രവർത്തിച്ചുവരുന്നു. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ജോബ് ക്ലബ്ബുകളെ ബാങ്കുമായി ലിങ്ക് ചെയ്ത് വായ്പയും ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് സബ്സിഡിയും അനുവദിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. |
| (സി) സ്വന്തമായി തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | നിബന്ധനകൾ/വ്യവസ്ഥകൾ പാലിക്കുന്ന വ്യക്തികൾക്കാണ് ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായത്തിന് അപേക്ഷിക്കാവുന്നത്. നിബന്ധനകൾ അനുബന്ധമായി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം സാമ്പത്തിക സഹായ ങ്ങളാണ് ഈ ക്ലബ്ബുകൾക്ക് നൽകു ന്നത്; വ്യക്തമാക്കാമോ? | (ഡി) | ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം) വരെ ബാങ്ക് വായ്പ അനുവദിക്കുന്നു. ബാങ്ക് വായ്പ അനുവദിക്കുന്ന ജോബ് ക്ലബ്ബുകളുടെ പദ്ധതി ചെലവിന്റെ 25% അല്ലെങ്കിൽ പരമാവധി രണ്ട് ലക്ഷം രൂപ ഇവയിൽ ഏതാണോ കുറവ് ആ തുക ഓരോ ജോബ് ക്ലബ്ബിനും സബ്സിഡിയായി സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളയാളായിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10% ൽ കൂടാൻ പാടില്ല.

2. വാർഷിക കുടുംബ വരുമാനം 50,000/-രൂപയിൽ കവിയുവാൻ പാടില്ല..

3. പ്രായപരിധി 21 നും 40 നും മദ്ധ്യേയായിരിക്കണം. എന്നാൽ കേരളത്തിലെ മറ്റു പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മൂന്നു വർഷവും പട്ടികജാതി പട്ടികവർഗ്ഗ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതാണ്.

4. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നവർക്കും തൊഴിൽ പരിചയം നേടിയിട്ടുള്ളവർക്കും പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ